**കേരള സർക്കാർ**
**പ്രവേശന പരീക്ഷാ കമ്മീഷണറുടെ കാര്യാലയം**
**കെ.എസ്.ആർ.ടി.സി. ബസ് ടെർമിനൽ കോംപ്ലക്സ്, എഴാം നില**
**തമ്പാനൂർ, തിരുവനന്തപുരം- 695001**
**E-mail: ceekinfo.cee@kerala.gov.in**
**Telephone: 0471 - 2525300**

## വിജ്ഞാപനം

### എം.ഫാം പ്രവേശനം 2024

### റീഫണ്ടിന് അർഹതയുള്ള വിദ്യാർത്ഥികൾക്ക് ബാങ്ക് അക്കൗണ്ട് വിവരങ്ങൾ ഓൺലൈനായി സമർപ്പിക്കുന്നതിന് അവസരം നൽകുന്നു.

–

2024–25 അധ്യയന വർഷത്തെ എം.ഫാം പ്രവേശനവുമായി ബന്ധപ്പെട്ട് പ്രവേശന പരീക്ഷാ കമ്മീഷണർക്ക് ഫീസ് ഒടുക്കിയിട്ടുള്ളവരിൽ റീഫണ്ടിന് അർഹതയുള്ള വിദ്യാർത്ഥികൾക്ക് തുക ബാങ്ക് അക്കൗണ്ട് വഴി തിരികെ നൽകുന്നതിനുള്ള നടപടികൾ ആരംഭിച്ചു. റീഫണ്ടിന് അർഹതയുള്ള വിദ്യാർത്ഥികളുടെ ലിസ്റ്റ് വെബ്സൈറ്റിൽ പ്രസിദ്ധീകരിച്ചിട്ടുണ്ട്.

റീഫണ്ട് ലഭിക്കാൻ അർഹതയുള്ള വിദ്യാർത്ഥികൾ **www.cee.kerala.gov.in** എന്ന വെബ്സൈറ്റിലെ **'M-Pharm 2024 Candidate Portal'** എന്ന ലിങ്കിൽ ആപ്ലിക്കേഷൻ നമ്പർ, പാസ്‌വേഡ് എന്നിവ നൽകി പ്രവേശിച്ച് **'Submit Bank Account Details'** എന്ന മെനു ക്ലിക്ക് ചെയ്ത് അവരവരുടെ ബാങ്ക് അക്കൗണ്ട് വിവരങ്ങൾ **26.01.2025 വൈകിട്ട് 5 മണിയ്ക്കുള്ളിൽ ഓൺലൈനായി സമർപ്പിക്കേണ്ടതാണ്.** ബാങ്ക് അക്കൗണ്ട് വിവരങ്ങൾ ഓൺലൈനായി രേഖപ്പെടുത്തി ശരിയാണെന്ന് ഉറപ്പുവരുത്തി **'Submit'** ബട്ടൺ ക്ലിക്ക് ചെയ്യേണ്ടതാണ്. തുടർന്ന് **'Print Bank Details'** എന്ന ബട്ടൺ ക്ലിക്ക് ചെയ്ത് ഓൺലൈനായി നൽകിയ ബാങ്ക് അക്കൗണ്ട് വിവരങ്ങൾ അടങ്ങുന്ന ഒരു സ്ലിപ്പ് വെബ്സൈറ്റിൽ നിന്നും പ്രിന്റൗട്ട് എടുക്കേണ്ടതാണ്. ഈ പ്രിന്റൗട്ട് വിദ്യാർത്ഥികൾ ഭാവി ആവശ്യത്തിനായി സൂക്ഷിക്കേണ്ടതാണ്. വിദ്യാർത്ഥികൾ ഓൺലൈനായി സമർപ്പിക്കുന്ന ബാങ്ക് അക്കൗണ്ടിലേക്ക് റീഫണ്ടിന് അർഹതയുണ്ടെങ്കിൽ തുക ലഭ്യമാക്കുന്നതാണ്.

**കുറിപ്പ്:** വിദ്യാർത്ഥി നൽകുന്ന ബാങ്ക് അക്കൗണ്ട് വിദ്യാർത്ഥിയുടേയോ രക്ഷിതാവിന്റേയോ പേരിലുള്ളതായിരിക്കണം. ഓൺലൈനായി സമർപ്പിക്കുന്ന ബാങ്ക് അക്കൗണ്ട് വിവരങ്ങൾ ശരിയാണെന്ന് വിദ്യാർത്ഥികൾ ഉറപ്പു വരുത്തേണ്ടതാണ്. **സേവിംഗ്സ് ബാങ്ക് അക്കൗണ്ടിലേക്ക് മാത്രമേ റീഫണ്ട് ലഭിക്കുകയുള്ളൂ.** സീറോ ബാലൻസ് അക്കൗണ്ട്, ബേസിക് സേവിംഗ്സ് അക്കൗണ്ട്, ടൈനി അക്കൗണ്ട്, ജനപ്രിയ അക്കൗണ്ട് എന്നിവയിൽ റീഫണ്ട് ലഭിക്കുന്നതല്ല. എൻ.ആർ.ഐ അക്കൗണ്ടിലേയ്ക്ക് റീഫണ്ട് നൽകുന്നതല്ല.

വിവരങ്ങൾ തെറ്റായി നൽകുന്നതുമൂലം റീഫണ്ട് തുക ലഭിക്കാതിരുന്നാൽ പ്രവേശന പരീക്ഷാ കമ്മീഷണർ ഉത്തരവാദിയായിരിക്കുന്നതല്ല.

അക്കൗണ്ട് വിവരങ്ങൾ കൃത്യമായി നൽകാത്തവരുടെ തുക ഇനിയൊരറിയിപ്പില്ലാതെ തന്നെ സർക്കാരിലേക്ക് മുതൽക്കൂട്ടുന്നതാണ്.

**ഹെൽപ് ലൈൻ നമ്പർ : 0471 – 2525300**

**ജോയിന്റ് കമ്മീഷണർ (അക്കാദമിക്)**
**പ്രവേശന പരീക്ഷാ കമ്മീഷണർക്ക് വേണ്ടി**

തിരുവനന്തപുരം

18-01-2025